**133/2024-M**

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. ഫ്രഞ്ച് വിപ്ലവവുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായവ തിരഞ്ഞെടുത്തെഴുതുക :
   (i) സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം
   (ii) സമാധാനം, ഭൂമി, അപ്പം, ജനാധിപത്യം
   (iii) 'എനിക്ക് ശേഷം പ്രളയം'
      (A) (i), (iii)
      (B) (i), (ii), (iii)
      (C) (ii), (iii)
      (D) (i), (ii)

2. 'ഐക്യകേരളം തമ്പുരാൻ' എന്നറിയപ്പെടുന്നത് ആര്?
   (A) മാർത്താണ്ഡവർമ്മ
   (B) ശ്രീചിത്തിരതിരുനാൾ
   (C) മഹാരാജ കേരളവർമ്മ
   (D) ഇ.എം.എസ്. നമ്പൂതിരിപ്പാട്

3. ഇന്ത്യയിലെ സാമൂഹ്യപരിഷ്ക്കർത്താവായിരുന്ന ദയാനന്ദസരസ്വതിയെക്കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയല്ലാത്തവ തിരഞ്ഞെടുത്തെഴുതുക :
   (i) ആര്യസമാജം സ്ഥാപിച്ചു
   (ii) ബ്രഹ്മസമാജം സ്ഥാപിച്ചു
   (iii) ശുദ്ധി പ്രസ്ഥാനം ആരംഭിച്ചു
   (iv) 1875-ൽ ബോംബെയിൽ ജനിച്ചു
      (A) (i), (ii)
      (B) (i), (ii), (iii)
      (C) (i), (ii), (iv)
      (D) (i), (iii), (iv)

4. മഹാത്മാഗാന്ധിയുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ ശരിയായത് തിരഞ്ഞെടുത്തെഴുതുക :
   (i) പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക (ക്വിറ്റ് ഇന്ത്യ)
   (ii) ചമ്പാരൻ സത്യാഗ്രഹം
   (iii) സിവിൽ നിയമലംഘന പ്രസ്ഥാനം
   (iv) ചാന്നാർ ലഹള
      (A) (i), (ii), (iii), (iv)
      (B) (i), (ii), (iii)
      (C) (iii), (iv)
      (D) (ii), (iii), (iv)

5. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതാക്കളിൽ ശരിയായവ ഏത്?
   (A) മുഹമ്മദലി & ഷൌക്കത്ത് അലി
   (B) മോത്തിലാൽ നെഹ്റു & സി.ആർ. ദാസ്
   (C) ലാലാ ലജ്പത്റായ് & ബാലഗംഗാധരതിലകൻ
   (D) രവീന്ദ്രനാഥ ടാഗോർ & സുഭാഷ് ചന്ദ്രബോസ്

6. ഇന്ത്യയുടെ കാലാവസ്ഥാ നിരീക്ഷണ ഉപഗ്രഹം അടുത്തിടെ വിക്ഷേപിച്ചു. ഏതാണ് ഉപഗ്രഹം?
   (A) ഇൻസാറ്റ് - 3 ഡി.എസ്
   (B) ഇൻസാറ്റ് - 1
   (C) ഇൻസാറ്റ് - 2
   (D) ഇൻസാറ്റ് - 3

7. ഓവർലാപ്പോടു കൂടിയ ഒരു ജോഡി ആകാശീയ ചിത്രങ്ങളിൽ നിന്നും ത്രിമാന ദൃശ്യം ലഭിക്കാൻ ഉപയോഗിക്കുന്ന ഉപകരണം :
   (A) ടെലസ്കോപ്പ്
   (B) സ്റ്റീരിയോസ്കോപ്പ്
   (C) മൈക്രോസ്കോപ്പ്
   (D) കാലിഡോസ്കോപ്പ്

8. സമുദ്രനിരപ്പിൽ നിന്നും ഒരേ ഉയരമുള്ള സ്ഥലങ്ങളെ തമ്മിൽ യോജിപ്പിച്ച് ഭൂപടത്തിൽ വരയ്ക്കുന്ന സാങ്കല്പിക രേഖ :
   (A) കോണ്ടൂർ
   (B) ഐസോബാർ
   (C) ഐസോതേം
   (D) ഐസോഹാലെയ്ൻ

9. 'ഡോഡാബേട്ട' കൊടുമുടി സ്ഥിതിചെയ്യുന്ന പർവ്വത ശിഖരം :
   (A) ആനമല കുന്ന്
   (B) കാർഡമം കുന്ന്
   (C) നല്ലമല കുന്ന്
   (D) നീലഗിരി കുന്ന്

10. ഹൂഗ്ലി നദിയിൽ സ്ഥിതിചെയ്യുന്ന തുറമുഖം :
   (A) വിശാഖപട്ടണം
   (B) ചെന്നൈ
   (C) കൊൽക്കത്ത
   (D) മുംബൈ

11. പശ്ചിമഘട്ടത്തിലെ മഴ നിഴൽ പ്രദേശത്ത് സ്ഥിതിചെയ്യുന്ന കേരളത്തിലെ ഏക വന്യജീവി സങ്കേതമാണ് :
   (A) ചിന്നാർ
   (B) നെയ്യാർ
   (C) ഇരവികുളം
   (D) ചിമ്മിനി

12. ഒളിമ്പിക്സ് വനിതാ ഷൂട്ടിംഗ് മത്സരങ്ങളിൽ ഇന്ത്യയ്ക്ക് ആദ്യമായി മെഡൽ നേടിത്തന്ന താരം :
   (A) കർണ്ണം മല്ലേശ്വരി
   (B) മേരി കോം
   (C) സൈന നെഹ്വാൾ
   (D) മനു ഭകാർ

13. താഴെ പറയുന്ന പ്രസ്താവനകളിൽ രണ്ടാം പഞ്ചവത്സര പദ്ധതിയുമായി ബന്ധമില്ലാത്തത് ഏത്?

(i) മഹലനോബിസ് മാതൃകയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്

(ii) മനുഷ്യ വിഭവശേഷി വികസനം ആയിരുന്നു ലക്ഷ്യം

(iii) വ്യവസായ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു

(iv) വിദേശ രാജ്യങ്ങളുടെ സഹായത്തോടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉരുക്കു നിർമ്മാണശാലകൾ സ്ഥാപിച്ചു

(A) (ii)

(B) (i), (iii)

(C) (iii)

(D) (iv)

14. താഴെപ്പറയുന്ന പ്രസ്താവനകൾ ഏത് സംവിധാനത്തെ ഉദ്ദേശിച്ചുള്ളതാണ്?

(i) 2015 ജനുവരി 1-നു നിലവിൽ വന്ന സംവിധാനം ആണിത്

(ii) ഭാരത സർക്കാറിന്റെ ഒരു വിദഗ്ധോപദേശ സമിതിയാണ്

(iii) പ്രധാനമന്ത്രിയാണ് ഇതിന്റെ വൈസ് ചെയർമാൻ

(iv) ദേശീയ, അന്തർദേശീയ പ്രാധാന്യമുള്ള സാമ്പത്തിക, നയവിഷയങ്ങളിൽ കേന്ദ്ര, സംസ്ഥാന സർക്കാറുകൾക്ക് സാങ്കേതിക ഉപദേശം നൽകുകയാണ് ഇതിന്റെ ചുമതല

(A) സാമ്പത്തിക ആസൂത്രണ കമ്മീഷൻ

(B) നീതി ആയോഗ്

(C) കേന്ദ്ര ധനകാര്യമന്ത്രാലയം

(D) കേന്ദ്ര ബാങ്ക്

15. ഇന്ത്യയിൽ ഉദാരവൽക്കരണത്തിന് കാരണമായത് എന്താണ്?

(A) വ്യാപാര രംഗത്തുള്ള ചൈനയുടെ മുന്നേറ്റം

(B) ഇന്ത്യയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയും കമ്മിയും

(C) ഇന്ത്യയും പാക്കിസ്ഥാനുമായുള്ള യുദ്ധം

(D) കേന്ദ്ര ഗവണ്മെന്റിന്റെ നിയന്ത്രണത്തിലുള്ള അതൃപ്തി

16. താഴെപ്പറയുന്നവയിൽ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനം അല്ലാത്തത് ഏത്?

(A) ഇൻവെസ്റ്റ്മെന്റ് കമ്പനികൾ

(B) ഇൻഷുറൻസ് ബാങ്കുകൾ

(C) മ്യൂച്വൽ സേവിംഗ്സ് ബാങ്കുകൾ

(D) വാണിജ്യ ബാങ്കുകൾ

17. താഴെപ്പറയുന്നവയിൽ ഹരിത വിപ്ലവവുമായി ബന്ധപ്പെട്ട പ്രസ്താവനകൾ ഏതെല്ലാം?
(i) ഇതിന്റെ വക്താവ് എം. എസ്. സ്വാമിനാഥൻ ആണ്
(ii) ആദ്യ കാലഘട്ടങ്ങളിൽ ഇത് ഗോതമ്പ് വിപ്ലവം എന്നാണ് അറിയപ്പെട്ടിരുന്നത്
(iii) രാസവളങ്ങളും രാസകീടനാശിനികളും ഉപയോഗിച്ചുള്ള കൃഷി രീതിയാണിത്
(iv) ഹരിത വിപ്ലവം വ്യവസായ വികസനം സാധ്യമാക്കി
(A) (i), (ii), (iv)
(B) (ii), (iii), (iv)
(C) (i), (ii), (iii)
(D) (i), (iv)

18. പാലിന്റെയും പയർ വർഗ്ഗങ്ങളുടെയും ഉൽപ്പാദന കാര്യത്തിൽ നിലവിൽ ഇന്ത്യയ്ക്ക് എത്രാമത്തെ സ്ഥാനമാണ്?
(A) ഒന്നാം സ്ഥാനം
(B) രണ്ടാം സ്ഥാനം
(C) മൂന്നാം സ്ഥാനം
(D) നാലാം സ്ഥാനം

19. പതിനാറാം ധനകാര്യ കമ്മീഷന്റെ ചെയർമാനായി നിയമിക്കപ്പെട്ടത് ആരാണ്?
(A) വിരാൾ ആചാര്യ
(B) ജഗദീഷ് ഭഗവതി
(C) അരവിന്ദ് പനഗാരിയ
(D) അമിത്ത് മിത്ര

20. ഓൾ ഇന്ത്യ സർവ്വീസിനെ കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ വകുപ്പ് താഴെ പറയുന്നതിൽ ഏതാണ്?
(A) ആർട്ടിക്കിൾ - 315
(B) ആർട്ടിക്കിൾ - 323
(C) ആർട്ടിക്കിൾ - 313
(D) ആർട്ടിക്കിൾ - 312

21. യൂണിയൻ ഗവണ്മെന്റിന്റെയും സംസ്ഥാന ഗവണ്മെന്റിന്റെയും അധികാരങ്ങളെ വിഭജിക്കുന്ന ലിസ്റ്റുകൾ ഇന്ത്യൻ ഭരണഘടനയുടെ എത്രാമത്തെ പട്ടികയിലാണ്?
(A) ഏഴാമത്തെ പട്ടികയിൽ
(B) ഒൻപതാമത്തെ പട്ടികയിൽ
(C) പത്താമത്തെ പട്ടികയിൽ
(D) ആറാമത്തെ പട്ടികയിൽ

22. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനെ സംബന്ധിക്കുന്ന ഏറ്റവും ശരിയായ വസ്തുതകൾ താഴെ പറയുന്നതിൽ ഏതാണ്?
(i) യൂണിയൻ പബ്ലിക് സർവ്വീസിന്റെ അംഗസംഖ്യ പ്രധാനമന്ത്രിക്ക് തീരുമാനിക്കാമെന്നു ഭരണഘടന അനുശാസിക്കുന്നു
(ii) 62 വയസ്സ് വിരമിക്കൽ പ്രായം
(iii) യൂണിയൻ പബ്ലിക് സർവ്വീസ് അംഗങ്ങളേയും ചെയർമാനേയും രാഷ്ട്രപതി നിയമിക്കുന്നു
(iv) യൂണിയൻ പബ്ലിക് സർവ്വീസ് അംഗങ്ങളെ പുറത്താക്കാനുള്ള അധികാരം പ്രധാനമന്ത്രിക്ക് ഉണ്ടെന്നു ഭരണഘടന പറയുന്നു
(A) (i), (ii) ഉം ശരി
(B) (i), (iv) ഉം ശരി
(C) (iii) മാത്രം ശരി
(D) (i), (ii), (iii), (iv) ശരി

23. ഇന്ത്യയുടെ ഫിനാൻസ് കമ്മീഷനെ കുറിച്ചുള്ള ഏറ്റവും ശരിയായ വസ്തുതകൾ താഴെ പറയുന്നതിൽ ഏതൊക്കെയാണ്?

(i) 1951 ൽ രൂപം കൊണ്ട ആദ്യ ഫിനാൻസ് കമ്മീഷൻ ചെയർമാൻ കെ.സി. നിയോഗി ആയിരുന്നു

(ii) ഫിനാൻസ് കമ്മീഷന്റെ നിർദ്ദേശങ്ങൾ ഉപദേശക സ്വഭാവമുള്ളതാണ്

(iii) അർദ്ധ ജുഡീഷ്യൽ സ്വഭാവമുള്ളതാണ് ഈ സമിതി

(iv) അർദ്ധ ജുഡീഷ്യൽ സ്വഭാവമില്ല

(A) (i) മുതൽ (iv) വരെ ശരി

(B) (i), (ii), (iii) ഉം ശരി

(C) (iv) ശരി

(D) (i) മാത്രം ശരി

24. ദേശീയ പിന്നോക്ക വിഭാഗ കമ്മീഷനെ സംബന്ധിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏതൊക്കെയാണ്?

(i) 1993 രൂപീകൃതമായി

(ii) 102 ആം ഭരണഘടന ഭേദഗതിയിലൂടെ ഭരണഘടനാപരമായ അംഗീകാരം നേടി

(iii) കമ്മീഷൻ വാർഷിക റിപ്പോർട്ട് നൽകേണ്ടത് പ്രധാനമന്ത്രിക്കാണ്

(iv) കമ്മീഷൻ വാർഷിക റിപ്പോർട്ടുകൾ നൽകേണ്ടത് രാഷ്ട്രപതിക്കാണ്

(A) (i) മാത്രം ശരി

(B) (i) മുതൽ (iv) വരെ ശരി

(C) (i) മുതൽ (iii) വരെ ശരി

(D) (i) ഉം (ii) ഉം (iv) ഉം ശരി

25. താഴെ തന്നിരിക്കുന്നതിൽ ഇപ്പോഴത്തെ കേന്ദ്രമന്ത്രി സഭയിലെ ആറ്റോമിക് എനർജി വകുപ്പ് ആരാണ് കൈകാര്യം ചെയ്യുന്നത്?

(A) ശ്രീ. നരേന്ദ്ര മോഡി
(B) ശ്രീ. മനോഹർലാൽ
(C) ശ്രീ. പിയുഷ് ഗോയൽ
(D) ശ്രീ. ഭൂപേന്ദർ യാദവ്

26. ഇപ്പോഴത്തെ ദേശീയ പട്ടിക ജാതി കമ്മീഷൻ ചെയർമാൻ ആരാണ്?

(A) ശ്രീ. ഗ്യാനേഷ് കുമാർ
(B) ശ്രീ. ഹൻസിരാജ്
(C) ശ്രീ. കിഷോർ മക്‌വാന
(D) ശ്രീ. ശ്രേയ അറോറ

27. കേരളത്തിൽ ചീഫ് സെക്രട്ടറി പദവിയിൽ എത്തിയ ആദ്യ വനിത :

(A) ജ്യോതി വെങ്കിടാചലം
(B) പത്മാ രാമചന്ദ്രൻ
(C) അന്നാ ചാണ്ടി
(D) നളിനി നെറ്റോ

28. ഇന്ത്യൻ ഭരണഘടനയുടെ 309-ാം അനുച്ഛേദ പ്രകാരം കേരളാ സിവിൽ സർവ്വീസ് നിയമന വേതന ചട്ടങ്ങൾ നിർമ്മിക്കുവാനുള്ള അധികാരം ആർക്കാണ്?

(A) കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകൾക്ക് സംയുക്തമായി

(B) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ

(C) കേന്ദ്ര ഗവണ്മെന്റ്

(D) കേരളാ ഗവണ്മെന്റ്

29. ഭൂമിയുടെ വൃക്കകൾ എന്ന് അറിയപ്പെടുന്നത് എന്തിനെ?

(A) നെൽ വയലുകൾ
(B) കണ്ടൽ കാടുകൾ
(C) തണ്ണീർ തടങ്ങൾ
(D) ഇവയൊന്നുമല്ല

30. വിവാഹ ബന്ധം വേർപ്പെടുത്തിയ മുസ്ലീം വനിതകൾക്ക് ജീവനാംശം നൽകുന്നതുമായി ബന്ധപ്പെട്ട കേസ് താഴെ പറയുന്നവയിൽ ഏത് ആകുന്നു?

(A) മധുര കേസ്
(B) വിശാഖ കേസ്
(C) ഷാബാനു കേസ്
(D) ഷയറാ ബാനു കേസ്

31. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന കണ്ടെത്തുക :

(i) ദേശീയ ദുരന്ത നിവാരണ നയം അനുസരിച്ച് സംസ്ഥാനത്ത് രൂപീകൃതമായ ഏജൻസിയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
(ii) സംസ്ഥാന ദുരന്ത നിവാരണ നയം രൂപീകരിക്കുന്നു
(iii) പ്രകൃതി ദുരന്ത സാധ്യതയുള്ള മേഖലകൾ നിർണ്ണയിക്കുന്നു
(iv) വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി ദുരന്ത നിവാരണ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു

(A) (i) & (ii)
(B) (iii) & (iv)
(C) (i) & (iii)
(D) എല്ലാ പ്രസ്താവനകളും ശരിയാണ്

32. സമൂഹത്തിൽ വിവിധ തരം പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് സ്വന്തം താമസസ്ഥലത്ത് നിന്നു തന്നെ ഓൺലൈനായി കൌൺസിലിംഗ്, നിയമ സഹായം എന്നിവ നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതി താഴെ പറയുന്നവയിൽ ഏതാണ്?

(A) കാതോർത്ത് പദ്ധതി
(B) മംഗല്യ പദ്ധതി
(C) അംഗനശ്രീ പദ്ധതി
(D) ഇവയൊന്നുമല്ല

33. കേരള സംസ്ഥാന വനിതാ കമ്മീഷൻ അദ്ധ്യക്ഷ താഴെ പറയുന്നവരിൽ ആരാണ്?

(A) പി. കുഞ്ഞായിഷ
(B) വി.ആർ. മഹിളാമണി
(C) പി. സതിദേവി
(D) എലിസബത്ത് മാമൻ മത്തായി

34. മനുഷ്യമസ്തിഷ്കത്തിന്റെ വിവിധ ഭാഗങ്ങളും അവയുടെ ധർമ്മവും തന്നിരിക്കുന്നു. ഇവയിൽ ശരിയല്ലാത്ത പ്രസ്താവനകൾ ഏവ?

| | | | |
|---|---|---|---|
| (i) | സെറിബെല്ലം | – | ശരീരത്തിന്റെ തുലനനില പരിപാലിക്കുന്നു |
| (ii) | സെറിബ്രം | – | ചിന്ത, ബുദ്ധി, ഓർമ്മ എന്നിവയുടെ കേന്ദ്രം |
| (iii) | മെഡുല്ല ഒബ്ലോംഗേറ്റ | – | ആന്തര സമസ്ഥിതി പരിപാലനത്തിന് പ്രധാന പങ്കുവഹിക്കുന്നു |
| (iv) | ഹൈപ്പോതലാമസ് | – | ഹൃദയസ്പന്ദനം, ശ്വാസോച്ഛ്വാസം എന്നീ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു |

(A) (i) & (iii)
(B) (iii) & (iv)
(C) (ii) & (iv)
(D) (i) & (iv)

35. ജീവകങ്ങളും അവയുടെ അപര്യാപ്തതാ രോഗങ്ങളും തന്നിരിക്കുന്നു. ഇവയിൽ ശരിയായ ജോഡികൾ ഏവ?

| ജീവകം | | അപര്യാപ്തതാരോഗം |
|---|---|---|
| (i) A | – | നിശാന്ധത |
| (ii) $B_1$ | – | അനീമിയ |
| (iii) $B_9$ | – | ബെറിബെറി |
| (iv) D | – | റിക്കറ്റ്സ് |

(A) (i) മാത്രം
(B) (ii), (iii) എന്നിവ
(C) (i), (iv) എന്നിവ
(D) (ii), (iii), (iv) എന്നിവ

36. 'ഹാൻഡ് ഫൂട്ട് മൌത്ത് ഡിസീസി'ന് കാരണമായ രോഗാണു ഏതാണ്?
(i) ബാക്ടീരിയ
(ii) വൈറസ്
(iii) പ്രോട്ടോസോവ
(iv) ഫംഗസ്
(A) (i) മാത്രം
(B) (ii) മാത്രം
(C) (i) & (iv)
(D) (iv) മാത്രം

37. പുകവലിമൂലം ശ്വാസകോശത്തിനെ ബാധിക്കുന്ന ആരോഗ്യപ്രശ്നങ്ങളിൽ ഉൾപ്പെടാത്തതേത്?
(i) ശ്വാസകോശ ക്യാൻസർ
(ii) ബ്രോങ്കൈറ്റിസ്
(iii) എംഫിസിമ
(iv) ഉയർന്ന രക്തസമ്മർദ്ദം
(A) (ii) & (iii)
(B) (ii) മാത്രം
(C) (ii) & (iv)
(D) (iv) മാത്രം

38. ചുവടെ കൊടുത്തിരിക്കുന്നവയിൽ ബാക്ടീരിയ രോഗങ്ങൾ വരുന്ന ജോഡി ഏത്?
(i) എലിപ്പനി, ഡിഫ്ത്തീരിയ
(ii) ക്ഷയം, എയ്ഡ്സ്
(iii) വട്ടച്ചൊറി, മലമ്പനി
(iv) ഡെങ്കിപ്പനി, ചിക്കൻ ഗുനിയ
(A) (i) മാത്രം
(B) (i) & (ii)
(C) (iii) & (iv)
(D) (iii) മാത്രം

39. പ്രമേഹത്തിന്റെ കോംപ്ലിക്കേഷൻ ആയ ഡയബറ്റിക് റെറ്റിനോപ്പതി നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച പദ്ധതി ഏതാണ്?

(i) ശ്രുതിമധുരം

(ii) നയനാമൃതം പദ്ധതി

(iii) കരുതൽ ചൈൽഡ് കെയർ

(iv) അമൃതം ആരോഗ്യം

(A) (iv) മാത്രം

(B) (ii) മാത്രം

(C) (ii) & (iv)

(D) (iii) മാത്രം

40. ഏത് പാരാമീറ്റർ നിരീക്ഷിക്കാൻ ഉപയോഗിക്കുന്ന ഉപകരണമാണ് സ്റ്റാൻഡേർഡൈസ്ഡ് പ്രസിപ്പിറ്റേഷൻ ഇൻഡക്സ് (SPI)?

(i) വെള്ളപ്പൊക്കം

(ii) വരൾച്ച

(iii) വായുവിന്റെ ഗുണനിലവാരം

(iv) വികിരണങ്ങൾ

(A) (iv) മാത്രം

(B) (iii) മാത്രം

(C) (i) മാത്രം

(D) (ii) മാത്രം

41. ക്യാൻസറിനുള്ള ഇന്ത്യയിലെ ആദ്യത്തെ ഹോം ഗ്രൗണ്ട് ജീൻതെറാപ്പി ആരംഭിച്ചത് ഏത് സ്ഥലത്താണ്?

(i) IIT മദ്രാസ്

(ii) IIT ബോംബെ

(iii) IIT ഹൈദരാബാദ്

(iv) IIT ഡൽഹി

(A) (ii)

(B) (iii)

(C) (iv)

(D) (i)

42. താഴെ പറയുന്ന പ്രസ്താവനകൾ ശ്രദ്ധാപൂർവ്വം വായിക്കുക :
900 ഗ്രാം പിണ്ഡം (മാസ്സ്) വരുന്ന സീൽ ചെയ്ത വാട്ടർപ്രൂഫ് പാക്കറ്റ് P യ്ക്കു 450 $cm^3$ വ്യാപ്തം ഉണ്ട്. 150 ഗ്രാം പിണ്ഡം (മാസ്സ്) വരുന്ന 'സീൽ ചെയ്ത വാട്ടർ' പ്രൂഫ് പാക്കറ്റ് Q ന് 300 $cm^3$ വ്യാപ്തം ഉണ്ട്. ജലത്തിന്റെ സാന്ദ്രത 1000 കി.ഗ്രാം/$m^3$ ആണ്. ഈ രണ്ട് പാക്കറ്റുകളും ജലത്തിൽ ഇട്ടാൽ

(A) P യും Q വും ജലത്തിൽ പൊങ്ങി കിടക്കും

(B) P പൊങ്ങി കിടക്കും Q മുങ്ങുന്നു

(C) P മുങ്ങുന്നു Q പൊങ്ങി കിടക്കും

(D) 'P' യും 'Q' വും മുങ്ങി കിടക്കും

43. താഴെ പറയുന്ന പ്രസ്താവനകൾ പരിശോധിക്കുക :

(i) ശബ്ദത്തിന്റെ ഘോഷം (Loudness) മനുഷ്യന്റെ കാതുകളുടെ സംവേദന ക്ഷമതയെ (Sensitivity) ആശ്രയിച്ചിരിക്കുന്നു

(ii) ശബ്ദത്തിന്റെ തീവ്രത (Intensity) മനുഷ്യന്റെ കാതുകളുടെ സംവേദന ക്ഷമതയെ ആശ്രയിക്കുന്നില്ല

(iii) ശബ്ദത്തിന്റെ ഘോഷം (Loudness) ഒരു ഭൌതിക അളവായി അളക്കാൻ സാധിക്കുന്നതാണ്

(iv) ശബ്ദത്തിന്റെ തീവ്രത (Intensity) ഒരു ഭൌതിക അളവായി അളക്കാൻ കഴിയില്ല

മുകളിലെ പ്രസ്താവനകൾ പരിശോധിക്കുമ്പോൾ

(A) (i) ഉം (ii) ഉം ശരിയാണ്

(B) (i), (ii) കൂടാതെ (iii) ഉം ശരിയാണ്

(C) (i), (ii) കൂടാതെ (iv) ഉം ശരിയാണ്

(D) എല്ലാ പ്രസ്താവനകളും ശരിയാണ്

44. ഭൂകമ്പ തരംഗങ്ങൾ ഭൂമിയുടെ ഉപരിതലത്തിൽ എത്തുന്നതിന് മുൻപ് പ്രഭവ കേന്ദ്രത്തിൽ നിന്നു പുറപ്പെടുന്ന ശബ്ദ തരംഗം താഴെ പറയുന്നതിൽ ഏതാണ്?

(A) അൾട്രാ സൌണ്ട്

(B) ഇൻഫ്രാ സൌണ്ട്

(C) ഓഡിയബിൾ സൌണ്ട്

(D) ഇവയൊന്നുമല്ല

45. ഇന്റർനാഷണൽ ഡാർക്ക് സ്കൈ എന്ന സംഘടന പ്രകാശമലിനീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കു പ്രസിദ്ധമാണ് ഈ സംഘടന ഇന്റർനാഷണൽ ഡാർക്ക് സ്കൈ വീക്ക് ആയിട്ട് ആചരിക്കുന്നത് എന്നാണ്?

(A) ഏപ്രിൽ മാസത്തിലെ കറുത്തവാവ്

(B) ഡിസംബർ മാസത്തിലെ കറുത്തവാവ്

(C) സെപ്തംബർ മാസത്തിലെ കറുത്തവാവ്

(D) ജനുവരി മാസത്തിലെ കറുത്തവാവ്

46. 2023 ലെ ഭൌതികശാസ്ത്ര നോബൽ സമ്മാന ജേതാക്കൾ :

(A) അലെയ്ൻ ആസ്പെക്ട്, ജോൺ ക്ലോസെർ, ആന്റൺ സെലിംഗർ

(B) റോജർ പെൻറോസ്, റെയ്ൻഹാർഡ് ജെൻസൽ, ആൻഡ്രിയ എം. ഘെസ്

(C) പിയറി അഗോസ്റ്റിനി, ഫെറൻക് ക്രൌസ്, ആൻ എൽ ഹുല്ലിയർ

(D) സ്യൂകുറോ മനാബെ, ക്ലോസ് ഹാസൽമാൻ, ജോർജിയോ പാരിസി

47. രാജസ്ഥാനിലെ ജാഗ്വാർ ജില്ലയിൽ അടുത്തിടെ കണ്ടുപിടിച്ച മൂലകം ഏത്?

(A) സോഡിയം

(B) ലിഥിയം

(C) മഗ്നീഷ്യം

(D) സ്വർണ്ണം

48. കാർബൺ ഡൈ ഓക്സൈഡ് ഏതു രാസവസ്തുവിൽ നിന്നാണ് പരിണമിക്കുന്നത്?

(A) നൈട്രിക് ആസിഡ്

(B) സൾഫ്യൂറിക് ആസിഡ്

(C) ഫോർമിക് ആസിഡ്

(D) അസറ്റിക് ആസിഡ്

49. രക്തത്തിന്റെ pH അല്പം ക്ഷാര സ്വഭാവമുള്ളതാണ്. അതിന്റെ pH തിരിച്ചറിയുക :

(A) 5.6
(B) 7
(C) 7.4
(D) 7.8

50. താഴെ തന്നിരിക്കുന്നതിൽ രാസമാറ്റം ഏതിൽ സംഭവിക്കുന്നു?

(i) ഐസ് ഉരുകുന്നത്
(ii) മെഴുക് ഉരുകുന്നത്
(iii) ഇരുമ്പ് തുരുമ്പിക്കുന്നത്
(iv) മുട്ട തിളക്കുന്നത്

(A) (i), (ii)
(B) (i), (iii)
(C) (ii), (iv)
(D) (iii), (iv)

51. ഹരിത രീതിയിൽ വസ്ത്രങ്ങൾ അലക്കുന്നതിന് ———— പദാർത്ഥം ഉപയോഗിക്കുന്നു.

(A) ഹൈഡ്രജൻ പെറോക്സൈഡ്
(B) ബ്ലീച്ചിങ് പൌഡർ
(C) കാർബൺ ഡൈ ഓക്സൈഡ് ദ്രാവകം
(D) പെട്രോളിയം ഉത്പന്നങ്ങൾ

52. താഴെ തന്നിരിക്കുന്നവയിൽ നാടൻകലാരൂപം അല്ലാത്തതേത്?

(A) കണ്യാർകളി
(B) മുടിയേറ്റ്
(C) അർജ്ജുനനൃത്തം
(D) പാവകളി

53. ഒളിമ്പിക്സിൽ വ്യക്തിഗത സ്വർണ്ണം നേടിയ ആദ്യ ഇന്ത്യക്കാരൻ :

(A) നീരജ് ചോപ്ര
(B) സുശീൽ കുമാർ
(C) അഭിനവ് ബിന്ദ്ര
(D) രാജ്യവർധൻസിംഗ് റാഥോഡ്

54. 'നന്തനാർ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ :

(A) ടി.സി. ജോസഫ്
(B) പി.കെ. നാരായണൻ
(C) എം.കെ. മേനോൻ
(D) പി.സി. ഗോപാലൻ

55. “തന്നതില്ല പരനുള്ളുകാട്ടുവാ-
നൊന്നുമേ നരനുപായമീശ്വരൻ
ഇന്നു ഭാഷയിതപൂർണ്ണമിങ്ങഹോ
വന്നുപോം പിഴയുമർത്ഥശങ്കയാൽ”

ഈ വരികളുടെ കർത്താവ്, കൃതി എന്നിവ സംബന്ധിച്ച് താഴെപ്പറയുന്നവയിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക :

(A) വള്ളത്തോൾ നാരായണമേനോൻ, മഗ്ദലനമറിയം

(B) വള്ളത്തോൾ നാരായണമേനോൻ, ബന്ധനസ്ഥനായ അനിരുദ്ധൻ

(C) കുമാരനാശാൻ, നളിനി

(D) കുമാരനാശാൻ, ചിന്താവിഷ്ടയായ സീത

56. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സ്ഥാപിതമായ വർഷം :

(A) 1998 (B) 1989

(C) 1994 (D) 1984

57. ഇന്ത്യയിലെ ആദ്യത്തെ വനിതാ ആനപാപ്പാൻ ആര്?

(A) ഷബ്ന സുലൈമാൻ (B) ജയശ്രീ

(C) നിഭാ നമ്പൂതിരി (D) പാർബതി ബറുവ

58. 2024 ൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ വിജയിച്ചതിനെത്തുടർന്ന് മന്ത്രിസ്ഥാനം രാജിവച്ച കേരളത്തിലെ ഏക മന്ത്രി :

(A) കെ.കെ. ശൈലജ

(B) കെ. രാധാകൃഷ്ണൻ

(C) വി.എസ്. സുനിൽ കുമാർ

(D) ടി.എം. തോമസ് ഐസക്

59. വിവരസാങ്കേതിക നിയമത്തിലെ വകുപ്പ് 66 A ബന്ധപ്പെട്ടിരിക്കുന്ന വിഷയം :

(A) ഹാക്കിംഗ്

(B) ആശയവിനിമയ സേവനങ്ങളിലൂടെ അപമാനകരമായ സന്ദേശങ്ങൾ അയയ്ക്കൽ

(C) കമ്പ്യൂട്ടർ സോഴ്സ് ഡോക്യുമെന്റുകൾ ടാമ്പർ ചെയ്യൽ

(D) തിരിച്ചറിയൽ മോഷണം

60. ഇൻഡ്യ ഗവണ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ക്ലൌഡ് സർവ്വീസ് :

(A) ഗൂഗിൾ (B) ആമസോൺ

(C) ആപ്പിൾ (D) എൻഐസി

61. IOT എന്നത് :

(A) ഇൻഫർമേഷൻ ഓഫ് തിങ്ങ്സ്

(B) ഇൻഫർമേഷൻ ഓഫ് ടെക്നോളജി

(C) ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്

(D) ഇന്റർനെറ്റ് ഓഫ് ടെക്നോളജി

62. കൂട്ടത്തിൽ ഒറ്റപ്പെട്ടത് :

(A) ഒറാക്കിൾ

(B) എം എസ് അക്സസ്

(C) എം എസ് എക്സൽ

(D) മൈ എസ്ക്യുൽ (MySQL)

63. ലോകത്തിലെ ഏറ്റവും വലിയ കമ്പ്യൂട്ടർ നെറ്റ്വർക്ക് :

(A) ലാൻ (LAN)

(B) മാൻ (MAN)

(C) പാൻ (PAN)

(D) വാൻ (WAN)

64. ഇതിൽ ഏതാണ് ഒരു ഭരണഘടനാ സ്ഥാപനം?

(A) ദേശീയ മനുഷ്യാവകാശ കമ്മീഷൻ

(B) ദേശീയ പട്ടിക ജാതി കമ്മീഷൻ

(C) ദേശീയ വനിതാ കമ്മീഷൻ

(D) ദേശീയ ന്യൂനപക്ഷ കമ്മീഷൻ

65. ഗാർഹിക പീഡന നിരോധന നിയമപ്രകാരം മജിസ്ട്രേറ്റിനു പുറപ്പെടുവിക്കാവുന്ന ഉത്തരവുകൾ :

(i) സംരക്ഷണ ഉത്തരവ്

(ii) താമസ സൌകര്യത്തിനുള്ള ഉത്തരവ്

(iii) നഷ്ടപരിഹാരത്തിനുള്ള ഉത്തരവ്

(iv) കസ്റ്റഡി ഉത്തരവ്

(A) (i) & (ii) മാത്രം

(B) (iii) മാത്രം

(C) (i), (ii), (iii) & (iv) ഇവയെല്ലാം

(D) (iv) മാത്രം

66. വിവരാവകാശ നിയമപ്രകാരം കേന്ദ്ര മുഖ്യ വിവരാവകാശ കമ്മീഷണറെ നിയമിക്കുന്നത് :

(A) പ്രധാനമന്ത്രി
(B) ചീഫ് ജസ്റ്റിസ്
(C) പ്രസിഡന്റ്
(D) ഇവരാരുമല്ല

67. താഴെ പറയുന്നതിൽ ഉപഭോക്തൃ സംരക്ഷണ നിയമം (2019) പ്രകാരം പുതുതായി ഉൾക്കൊള്ളിച്ചത് ഏത്?

(i) ഇ-കോമേഴ്സ്
(ii) ഓൺലൈൻ പരാതി നൽകൽ
(iii) പരാതിക്കാരൻ താമസിക്കുന്ന സ്ഥലത്തു പരാതി നൽകൽ
(iv) മധ്യസ്ഥതയിലൂടെ തർക്കപരിഹാരം

(A) (i) & (ii) മാത്രം
(B) (iii) മാത്രം
(C) (iv) മാത്രം
(D) (i), (ii), (iii) & (iv) ഇവയെല്ലാം

68. പോക്സോ നിയമപ്രകാരം ശരിയല്ലാത്ത പ്രസ്താവനയേത്?

(A) കേസുമായി ബന്ധപ്പെട്ട കുട്ടിയുടെ വ്യക്തിത്വം വെളിപ്പെടുത്താൻ പാടില്ല
(B) മൊഴിയെടുക്കുന്നതു കുട്ടിയുടെ താമസസ്ഥലത്തു വച്ചായിരിക്കണം
(C) പോലീസ് മൊഴിയെടുക്കുമ്പോൾ യൂണിഫോമിൽ ആയിരിക്കണം
(D) ഒരു കാരണവശാലും കുട്ടിയെ രാത്രി തടങ്കലിൽ വെക്കാൻ പാടില്ല

69. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ആര്?

(A) ജസ്റ്റിസ് എസ്. മണികുമാർ
(B) ജസ്റ്റിസ് ആന്റണി ഡൊമിനിക്
(C) ജസ്റ്റിസ് അരുൺ കുമാർ മിശ്ര
(D) ജസ്റ്റിസ് സി.ടി. രവികുമാർ

70. ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ അധ്യക്ഷൻ :

(A) ശ്രീമതി സ്മൃതി സുബിൻ ഇറാനി
(B) ശ്രീ. ഇഖ്ബാൽ സിംഗ് ലാൽപുര
(C) ശ്രീ. സയ്യിദ് ഷഹ്സാദി
(D) ശ്രീ. എ. അബ്ദുൽ റഷീദ്

71. മൂന്നര മീറ്റർ നീളമുള്ള കമ്പി രണ്ടായി മുറിച്ച്, ഒരു കഷണം വളച്ചൊരു സമചതുരവും മറുകഷണം വളച്ചൊരു സമഭുജത്രികോണവും ഉണ്ടാക്കണം. സമചതുരത്തിന്റെയും സമഭുജത്രികോണത്തിന്റെയും വശങ്ങൾക്ക് ഒരേ നീളമാണ്. എങ്കിൽ വശത്തിന്റെ നീളം എത്ര?

(A) 40 സെ.മീ.
(B) 50 സെ.മീ.
(C) 55 സെ.മീ.
(D) 60 സെ.മീ.

72. ഗാന്ധിജയന്തിക്ക് 30% വിലക്കിഴിവ് അനുവദിച്ചപ്പോൾ ഒരാൾ 3,500 രൂപ കൊടുത്ത് ഖാദി വസ്ത്രങ്ങൾ വാങ്ങി. എത്ര രൂപ വിലയുള്ള വസ്ത്രങ്ങളാണ് അയാൾക്ക് കിട്ടിയത്?

(A) 5,000
(B) 5,500
(C) 6,000
(D) 4,800

73. അച്ചുവിന്റെ വീടിന്റെ ചുമര് തേയ്ക്കുന്നതിന് സിമന്റും മണലും 1 : 5 എന്ന അംശബന്ധത്തിലാണ് ഉപയോഗിച്ചത്. ഇതിനായി 45 ചാക്ക് സിമന്റ് വാങ്ങി. എത്ര ചാക്ക് മണൽ വാങ്ങണം?

(A) 450
(B) 325
(C) 250
(D) 225

74. ഒരു ചതുരത്തിന്റെ ചുറ്റളവ് 26 സെ.മീ. ആണ്. ഈ ചതുരത്തിന്റെ നീളം രണ്ട് മടങ്ങും വീതി 3 മടങ്ങുമാക്കി മറ്റൊരു ചതുരം വരച്ചപ്പോൾ ചുറ്റളവ് 62 സെ.മീ. ആയി. എങ്കിൽ ആദ്യത്തെ ചതുരത്തിന്റെ നീളം എത്ര?

(A) 16
(B) 13
(C) 10
(D) 8

75. 840 കി.മീ./മണിക്കൂർ വേഗതയിൽ സഞ്ചരിക്കുന്ന ഒരു വിമാനത്തിന് 5040 കി.മീ. സഞ്ചരിക്കാൻ എത്ര സമയം വേണം ?

(A) 6 മണിക്കൂർ
(B) 6 മണിക്കൂർ 30 മിനിട്ട്
(C) 8 മണിക്കൂർ
(D) 7 മണിക്കൂർ 30 മിനിട്ട്

76. രവിയ്ക്ക് വീണയെക്കാൾ 10 വയസ്സ് കൂടുതലാണ്. അടുത്ത വർഷം രവിയുടെ വയസ്സ് വീണയുടെ വയസ്സിന്റെ രണ്ടു മടങ്ങാകും. എങ്കിൽ രവിയുടെ ഇപ്പോഴത്തെ വയസ്സ് എത്ര?

(A) 19
(B) 18
(C) 20
(D) 21

77. 2025 ഏപ്രിൽ മാസത്തിലെ ആദ്യ ദിവസം ബുധനാഴ്ച ആയാൽ അവസാന ദിവസം ———— ആയിരിക്കും.

(A) തിങ്കൾ
(B) ബുധൻ
(C) വ്യാഴം
(D) വെള്ളി

78. അടുത്ത പദം കണ്ടെത്തുക. BEG, JMO, RUW, ——— :

(A) YCE
(B) ZCE
(C) YBD
(D) ZBD

79. A, X ന്റെ സഹോദരിയും X, Y യുടെ മകളും, Y, Z ന്റെ മകളും ആണെങ്കിൽ A യുടെ ആരാണ് Z?

(A) അമ്മ
(B) അമ്മാവൻ
(C) അമ്മമ്മ
(D) സഹോദരി

80. ഒരു ക്ലോക്കിലെ സമയം 4.10 ആകുമ്പോൾ മണിക്കൂർ-മിനിട്ട് സൂചികൾക്കിടയിലെ കോണളവ് എത്രയായിരിക്കും?

(A) 60
(B) 65
(C) 70
(D) 75

81. Neither Mr. Gupta's sons nor his daughter ———— to the gym regularly.

(A) gone (B) go

(C) going (D) goes

82. If she called me, I ———— the party.

(A) attended (B) would attend

(C) will attend (D) would have attended

83. ———— boy who talked to me yesterday, turned out to be my old neighbour's son.

(A) an (B) a

(C) those (D) the

84. I would rather have tea ———— coffee.

(A) than (B) to

(C) for (D) but

85. I am older than you, ————?

(A) isn't I? (B) am I?

(C) are I? (D) aren't I?

86. Little Ann always ———— to her older brother.

(A) looks upto (B) looks into

(C) looks out (D) looks around

87. Diana's shoes were the perfect ———— to her entire outfit.

(A) compliment (B) complement

(C) implement (D) instrument

88. The company gives bonus to its employees only ———— because the management is not very generous.

(A) every now and then (B) to miss the boat

(C) once in a blue moon (D) to sit on the fence

89. Substitute the underlined phrase with suitable word from the following :

Susan doesn't go to church as she calls herself as <u>someone who doesn't believe in the existence of God</u>.

(A) theist (B) pantheist

(C) polytheist (D) atheist

90. Which of the following has the same meaning as "Complete"?

(A) hole (B) hall

(C) whole (D) haul

91. ശരിയായ വാക്യമേത്?

(A) യഥാസമയത്ത് എത്തിച്ചേർന്നു

(B) ഓരോ വീടുതോറും കയറി പ്രചാരണം നടത്തി

(C) ഇന്നലെ തുടങ്ങിയ മഴ ഇതുവരെ നിലച്ചിട്ടില്ല

(D) ഒരു പക്ഷേ ഞാൻ വന്നെന്നു വരാം

92. ശരിയല്ലാത്ത രൂപമേത്?

(A) ജാള്യം

(B) ജളത

(C) ജളത്വം

(D) ജാള്യത

93. 'മകൾ' എന്ന് അർത്ഥമുള്ള പദമേത്?

(A) സ്നുഷ

(B) ജനി

(C) തനയ

(D) സ്നുത

94. രവം - വിപരീതപദമെഴുതുക :

(A) നീരവം

(B) ആരവം

(C) അഹോരവം

(D) ആരാവം

95. അന്ത: + ഛിദ്രം - ചേർത്തെഴുതുമ്പോൾ :

(A) അന്തച്ഛിദ്രം

(B) അന്തശ്ഛിദ്രം

(C) അന്തച്ഛിദ്രം

(D) അന്തശ്ചിദ്രം

96. ജ്ഞാനത്തിൽ ഇച്ഛയുള്ളവൻ - ഒറ്റപ്പദമേത്?

(A) ജിഗീഷു:

(B) ജിഗമിഷു:

(C) ജിഘാംസു:

(D) ജിജ്ഞാസു:

97. കിങ്കരൻ - സ്ത്രീലിംഗമെഴുതുക :

(A) കിങ്കണി

(B) കിങ്കരി

(C) കിങ്കവി

(D) കിങ്കിര

98. അലിംഗ ബഹുവചനത്തിന് ഉദാഹരണമെഴുതുക :

(A) മിടുക്കർ

(B) അമ്മമാർ

(C) പിതാക്കൾ

(D) ഭട്ടർ

99. വാങ്മയം പിരിച്ചെഴുതുമ്പോൾ :

(A) വാഗ് + മയം

(B) വാക് + മയം

(C) വാങ് + മയം

(D) വാക്ക് + മയം

100. 'നിസ്സഹായന്മാരെ ഉപദ്രവിക്കരുത്' - എന്ന് അർത്ഥം വരുന്ന പഴഞ്ചൊല്ല് ഏത്?

(A) കുടിക്കുന്ന വെള്ളത്തിൽ കോലിട്ടിളക്കരുത്

(B) പിടിച്ചിടത്ത് ഒടിക്കരുത്

(C) ഉണ്ട ചോറ്റിൽ കല്ലിടരുത്

(D) കുരുടന്മാരോടരുത്

**FINAL ANSWER KEY**
**Question Paper Code:133-2024 M**
**Question Paper Medium:Malayalam**
**Category Code:503/2023**
**Name Of Post & Department:Clerk- Various ( Ernakulam, Wayanad) 503/2023**
**Date Of Test:05-Oct-2024**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | A | X | B | A |
| 2 | C | B | A | A |
| 3 | X | A | A | A |
| 4 | B | A | A | C |
| 5 | A | A | C | X |
| 6 | A | C | X | B |
| 7 | B | D | C | A |
| 8 | A | C | A | D |
| 9 | D | A | D | B |
| 10 | C | D | B | A |
| 11 | A | B | A | D |
| 12 | D | A | D | C |
| 13 | A | B | D | C |
| 14 | X | D | C | A |
| 15 | B | C | A | C |
| 16 | D | A | C | A |
| 17 | C | C | A | X |
| 18 | A | A | X | B |
| 19 | C | X | B | D |
| 20 | D | B | D | A |
| 21 | A | D | A | C |
| 22 | C | A | C | D |
| 23 | B | C | D | A |
| 24 | D | D | A | C |
| 25 | A | A | C | B |
| 26 | C | C | B | D |
| 27 | B | C | C | D |
| 28 | D | C | D | A |
| 29 | C | D | A | C |
| 30 | C | A | C | B |
| 31 | D | C | B | D |
| 32 | A | B | D | C |
| 33 | C | D | C | C |
| 34 | B | B | D | A |
| 35 | C | D | A | B |
| 36 | B | A | B | D |
| 37 | D | B | D | A |
| 38 | A | D | A | B |
| 39 | B | A | B | C |
| 40 | D | B | C | B |
| 41 | A | C | B | D |
| 42 | C | B | A | C |
| 43 | A | A | C | C |
| 44 | B | C | C | A |
| 45 | A | C | A | B |
| 46 | C | A | B | A |
| 47 | X | C | D | A |
| 48 | X | D | A | X |
| 49 | C | A | X | X |
| 50 | D | X | X | C |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | A | X | C | D |
| 52 | X | D | C | A |
| 53 | C | C | A | D |
| 54 | D | A | D | B |
| 55 | C | D | B | X |
| 56 | A | B | X | C |
| 57 | D | X | C | D |
| 58 | B | C | D | C |
| 59 | B | C | A | D |
| 60 | D | A | D | B |
| 61 | C | D | B | D |
| 62 | A | B | D | C |
| 63 | D | D | C | A |
| 64 | B | C | D | C |
| 65 | C | D | C | X |
| 66 | C | C | X | B |
| 67 | D | X | B | B |
| 68 | C | B | B | C |
| 69 | X | B | C | C |
| 70 | B | C | C | D |
| 71 | B | D | A | C |
| 72 | A | D | A | B |
| 73 | D | A | C | C |
| 74 | D | A | B | B |
| 75 | A | C | C | B |
| 76 | A | B | B | A |
| 77 | C | C | B | D |
| 78 | B | B | A | D |
| 79 | C | B | D | A |
| 80 | B | A | D | A |
| 81 | D | D | D | B |
| 82 | B | A | A | C |
| 83 | D | D | B | D |
| 84 | A | A | C | C |
| 85 | D | B | D | D |
| 86 | A | C | C | B |
| 87 | B | D | D | D |
| 88 | C | C | B | A |
| 89 | D | D | D | D |
| 90 | C | B | A | A |
| 91 | C | C | B | B |
| 92 | D | A | D | A |
| 93 | C | B | B | B |
| 94 | A | D | A | D |
| 95 | B | B | B | C |
| 96 | D | A | D | D |
| 97 | B | B | C | C |
| 98 | A | D | D | A |
| 99 | B | C | C | B |
| 100 | D | D | A | D |

'X' denotes deletion

Approved For Publication
Sd/-
Section officer